പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3286** 9/04/2013 ൽ മറുപടിയ്ക്ക്

## കേരള ഫ്യൂച്ചർ സ്കൂൾ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. ദാസൻ | | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) കേരള ഫ്യൂച്ചർ സ്കൂൾ പദ്ധതി വിശദമാക്കാമോ ;<br><br>ബി) ഈ പദ്ധതിയിലൂടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികൾ എന്തെല്ലാം ; എത്ര തുകയാണ് ഈ പദ്ധതിയ്ക്കായി നീക്കിവെച്ചത് ; വിശദമാക്കാമോ ? | (എ) & (ബി) | 12-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ഓരോ ജില്ലകളിലേയും സർക്കാർ സ്കൂളുകളെ ആധുനീകരിച്ച് അന്തർ ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ഈ പദ്ധതി വിഭാവനം ചെയ്യുന്നു. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, വിദ്യാഭ്യാസ മേഖലയിൽ ഭരണ പരിഷ്കാരങ്ങൾ ആരംഭിക്കുക, വിദ്യാഭ്യാസ മേഖലയിലെ പുരോഗതി, കാലാകായിക വിനോദങ്ങളിലും, വിവര സാങ്കേതിക വിദ്യയിലൂടെയും, പലതരം നൈപുണ്യം വികസിപ്പിച്ചെടുക്കുക വഴി ജീവിത നിലവാരം മെച്ചപ്പെടുത്തുക തുടങ്ങിയ പരിപാടികളാണ് ഉദ്ദേശിക്കുന്നത്. അന്തർദേശീയ നിലവാരത്തിലേയ്ക്ക് സർക്കാർ സ്കൂളുകളെ ഉയർത്തുന്നതിനായി വിശാലമായ കെട്ടിടങ്ങൾ, ആഡിറ്റോറിയം, നന്നായി സജ്ജീകരിച്ച ഭക്ഷണ മുറികൾ ലൈബ്രറി, എല്ലാ സംവിധാനങ്ങളോടും കൂടിയ ലാബോറട്ടറികൾ (ഐ.ടിയും, ഭാഷാലാബുകളും ഉൾപ്പെടെ) കായികം, കളരി, ആർട്ട്സ് മുറികൾ/ഹാളുകൾ ഭക്ഷണ ശാലകൾ കാര്യനിർവ്വഹണത്തിനുള്ള കെട്ടിടങ്ങൾ കൂടാതെ ഫുട്ബോൾ, ബാസ്ക്കറ്റ് ബോൾ, ക്രിക്കറ്റ്, ടെന്നീസ്, ബാഡ്മിന്റൺ കോർട്ടുകൾ, കായിക വിനോദങ്ങൾക്കുള്ള കളിസ്ഥലങ്ങൾ ചുറ്റുമതിലോടുകൂടിയ സ്ഥാന വലിപ്പമുള്ള പ്രവേശനസ്ഥലം, നീന്തൽ കുളങ്ങൾ തുടങ്ങിയവയുടെ ആവശ്യകതയുണ്ട്. ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ആർ.എം.എസ്.എ., എസ്.എസ്.എ, സീമാറ്റ്, എസ്.ഐ.ഇ.റ്റി, എസ്.സി.ഇ.ആർ.ടി., ഐറ്റി@സ്കൂൾ തുടങ്ങിയ ഏജൻസികളുടെ സഹകരണം ആവശ്യമാണ്. കൂടാതെ എം.എൽ.എ, എം.പി. ഫണ്ടുകളും വിനിയോഗിക്കാവുന്നതാണ്. |

2013-14 വർഷത്തേയ്ക്ക് സ്കൂൾ വിദ്യാഭ്യാസം-അടിസ്ഥാന സൗകര്യം എന്ന ശീർഷകത്തിൽ മൊത്ത മായി 2260 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ